(സി) ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

(ഡി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട നിലങ്ങളുടെ വെള്ളക്കരം 25 രൂപയായിരുന്നതു് കൂടുതലാണെന്നു അനേകം പരാതികൾ ഗവണ്മെൻറിനു ലഭിച്ചതുകൊണ്ടു് വെള്ളക്കരം പരിശു് ഗവണ്മെൻറു് സ്റ്റേ ചെയ്തിരിക്കുകയാണു്. വെള്ളക്കരത്തിന്റെ റേറ്റു് ക്ലിപ്പപ്പെടുത്തിയതിനുശേഷമേ കൂടിശ്ശിക എന്തു കാണുമെന്നു കണക്കാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. ഒ. ബാവ: സ്റ്റേ ചെയ്തതു് എന്നുമുതലാണെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: എന്നുമുതല്ലാണെന്നു നിശ്ചയമായി പറയാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. ടി. ഒ. ബാവ: ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം നന്നു കിട്ടുന്ന കർഷകർ എത്ര കൊല്ലമായി വെള്ളക്കരം കൊടുക്കുന്നില്ല എന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: കുറേക്കാലമായി കൊടുക്കുന്നില്ലെന്നാണു് രേഖകൾകൊണ്ടു കാണുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: വെള്ളക്കരത്തിന്റെ തുക കുറയ്ക്കുന്നതിനുപകരം കൂട്ടുന്നതുകൊണ്ടു് കർഷകർക്കു കൂടുതൽ നഷ്ടമുണ്ടാകുമെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: നഷ്ടമുണ്ടാകുന്ന വിധത്തിൽ കരം കൂട്ടുകയില്ല.

സഹകരണസംഘങ്ങൾ നടത്തിവരുന്ന ലിഫ്റ്റ് ഇറിഗേഷൻ

* 73. [24] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു സഹകരണസംഘങ്ങൾ നടത്തിവരുന്ന എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ടു്;

(ബി) കുന്നത്തുനാടു്—പറവൂർ താലൂക്കുകളിൽമാത്രം എത്ര സഹകരണസംഘങ്ങൾ ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്നു;

(സി) സഹകരണസംഘങ്ങൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കു് സബ്സിഡി നൽകണമെന്നു് അവർ ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സബ്സിഡി നൽകാത്തപക്ഷം ഈ പദ്ധതികളെല്ലാം ഗവണ്മെൻറു നേരിട്ടു നടത്തുന്നതിനു് അവർ അപേക്ഷിച്ചിട്ടുണ്ടോ;

(ഇ) അതിനു എന്തു നടപടി നടത്തി?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ 4. മറ്റു ഡിസ്ട്രിക്റ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാല് സംഘങ്ങൾ.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത നിർദ്ദേശം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. ബാവ: സഹകരണസംഘങ്ങൾക്ക് ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്നതിനെ സംബന്ധിച്ച് സബ്സിഡി കിട്ടുമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് എന്നാണെന്ന പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: 1950 സെപ്റ്റംബർ 24-നാണ്.

ശ്രീ. ടി. കെ. ബാവ: അതിന്മേൽ നടത്തിയിട്ടുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതുസംബന്ധിച്ചുള്ള അന്വേഷണങ്ങൾ പൂർത്തിയായി കഴിഞ്ഞതിട്ടില്ല.

ശ്രീ. ടി കെ ബാവ: അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിനായി ഇത്ര കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കെ. ഐ. വേലായുധൻ: ഇറിഗേഷൻ ജോലികൾ ഗവണ്മെൻറ് ഏറ്റെടുക്കുമെന്നുള്ളതാണ് സംഘങ്ങളുടെ മുഖ്യ ഉദ്ദേശമെന്ന മനസ്സിലാക്കിയതിന്റെ ഫലമായി അവയെപ്പറ്റി വിശദമായ അറിവ് ലഭിക്കുന്നതിനുവേണ്ടി കുറെ കാലതാമസം വേണ്ടിവരും.

ശ്രീ. ടി. കെ. ബാവ: സാധാരണയായി ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്ന സ്ഥലങ്ങളിൽ ഗവണ്മെൻറിൽനിന്നും വല്ല ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഒട്ടും ഇല്ലെന്ന പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്ന സഹകരണസംഘങ്ങൾ വാട്ടർ സെസ്സ് പിരിക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ. അതെ പിരിച്ചെടുക്കുന്നുണ്ട്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: സെസ്സ് മുഖാന്തിരം ഉള്ള വരുമാനംകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ നടത്താൻ സാധിക്കുകയില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ: മുൻപ് നെല്ലിനു വില കുടിയിരുന്നപ്പോൾ ഒരേക്കറിനു 110 രൂപവരെ സെസ്സ് ചുമത്തിയിട്ടുണ്ടായിരുന്നു. ഇന്നു നെല്ലുവില കുറഞ്ഞിരിക്കുന്ന അവസ്ഥയാണ്. അതുകൊണ്ട് കൂടുതൽ കരം കൊടുക്കാൻ കർഷകർ വിസമ്മതിക്കുകയാണു ചെയ്യുന്നത്. അതേസമയം ഗവണ്മെൻറിൽനിന്നും ഒരേക്കറിനു 25 രൂപയാണു നികുതി ചുമത്തിയിരിക്കുന്നത്. പക്ഷേ അതു ഗവണ്മെൻറിനു നഷ്ടമായതുകൊണ്ടാണ് സംഘങ്ങൾക്കു ഈവക കാര്യങ്ങൾ നടത്താൻ അനുവാദം കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. നടരാജപിള്ള: ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്നതുകൊണ്ട് നന്മയുണ്ടാകുന്ന നിലമുടമസ്ഥന്മാരല്ലേ ഈ സംഘങ്ങൾ മുഖേന പ്രവർത്തിക്കുന്നത്?

ശ്രീ. കെ. ഐ. വേലായുധൻ: അങ്ങനെയായിരിക്കണമെന്നാണ് നോക്കുന്നത്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഒരു മിഡിൽമെൻ എന്ന നിലയ്ക്കു വെള്ളംകൊടുത്ത് പണംപിരിച്ച് ലാഭമെടുക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഏതുവിധത്തിലാണെന്നു് പറയുവാൻ നിവൃത്തിയില്ല 110 രൂപവരെ നികുതി ചുമത്തിയിട്ടുണ്ട്.

ശ്രീ. ഐ. പി. ഹാർമ്മിസ്: സംഘങ്ങളുടെ വരുമാനംകൊണ്ട് അതിന്റെ ചെലവു് നടത്തിക്കൊണ്ടുപോകാൻ സാധിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: 110 രൂപവരെ പിരിച്ചിരുന്നു എന്നുമാത്രമെ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ. അതു് നെല്ലിനു് നല്ല വിലയുണ്ടായിരുന്നപ്പോഴാണു്. ഇപ്പോൾ അതു് ഗവണ്മെന്റു് എത്രയാണെന്നു് പറയുകയാണെങ്കിൽ അതിനെക്കുറിച്ചു് അന്വേഷിക്കേണ്ടതായിട്ടുണ്ടായിരിക്കുന്നതു്.

ശ്രീ. ടി. ഓ. ബാവാ: 110 രൂപവരെ വെള്ളക്കരം പിരിച്ചുകൊണ്ടിരുന്നതു് എങ്ങനെയാണു്?

ശ്രീ. കെ. ഐ. വേലായുധൻ: അതു് റിപ്പോർട്ടനുസരിച്ചാണു്.

ശ്രീ. ടി. ഓ. ബാവാ: ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാർ സൊസൈറ്റിയുടെ ലിഫ്റ്റു് ഇറിഗേഷൻകാര്യവുമായി ഇടപെട്ടിട്ടില്ലെന്നു് അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടു്.

ശ്രീ. ടി. ഓ. ബാവാ: ഇപ്പോഴും 110 രൂപ പിരിക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഇല്ല. മുമ്പാണു് അങ്ങനെ പിരിച്ചുകൊണ്ടിരുന്നതു്.

ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള വർക്കുകൾ.

* 74. [25] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 സാമ്പത്തിക വർഷത്തിൽ ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള എല്ലാ വർക്കുകളും എസ്റ്റിമേറു തയ്യാറാക്കി ടെൻഡർ വിളിച്ചു് കാൺട്രാക്റ്റു് കൊടുത്തു കഴിഞ്ഞിട്ടുണ്ടോ;

(ബി) എസ്റ്റിമേറു് എടുക്കാത്ത ഏതെങ്കിലും വർക്കു് ഇനിയും ശേഷിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണം എന്തു്;

LIBRARY ARCHIVES Kerala Legislative Assembly